**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5681** | **08-07-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | **ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ചികിത്സ പരിരക്ഷ/ ചികിത്സാ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.**<br><br>**<u>1. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി (KASP)</u>**<br><br>**സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി 2019 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. 2018-19 കാലഘട്ടത്തിൽ RSBY, CHIS അംഗത്വം പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.**<br><br>**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42.45 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം 5ലക്ഷം രൂപയുടെ വാർഷിക ചികിത്സാ ആനുകൂല്യങ്ങൾ മുഴുവൻ കുടുംബത്തിനും പൊതു സ്വകാര്യ മേഖലകളിൽ നിന്നും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 577 ആശുപത്രികൾ വഴി ലഭിക്കുന്നതാണ്.**<br><br>**<u>2. കാരുണ്യ ബെനവലന്റ് ഫണ്ട്</u>**<br><br>**നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത എന്നാൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് APL/BPL വ്യത്യാസമില്ലാതെ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണിത്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി** |

| | | | |
|---|---|---|---|
| | | | **മുഖേന നൽകി വരുന്ന ചികിത്സാനുകൂല്യം. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ ചികിത്സാനുകൂല്യം നൽകുന്നതാണ്.**<br><br>**3. <u>മറ്റു പദ്ധതികൾ</u>**<br><br>**i) 18 വയസിൽ താഴെയുള്ള കുട്ടികൾക്കുള്ള പ്രത്യേക പദ്ധതികളായി ആരോഗ്യ കിരണം, RBSK, ഹൃദ്യം, താലോലം, ക്യാൻസർ സുരക്ഷാ സ്കീം, മിഠായി.**<br><br>**ii) ഗർഭിണികൾക്കുള്ള ചികിത്സയ്ക്കായി JSSK, മാതൃയാനം പദ്ധതികൾ.** |
| (ബി) | അർഹരായ നിരവധി കുടുംബങ്ങൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളേയും ഉൾപ്പെടുത്തി പദ്ധതിയുടെ ഡാറ്റാബേസ്, ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻ.എഫ്.എസ്.എ) ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ പുതുക്കി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |
| (സി) | പൊതുജനങ്ങൾക്കായി പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഗണനയിലുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ